പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *190

14.06.2019 ൽ മറുപടിക്ക്

## വ്യവസായ വികസന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ.പി. ഉണ്ണി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൻകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയുണ്ടോ; | (എ) | കേരളത്തിലെ പാരിസ്ഥിതികാവസ്ഥയ്ക്ക് അനുയോജ്യമാകുന്നതും, മലിനീകരണം കുറഞ്ഞതുമായ വൻവ്യവസായങ്ങളെ സംസ്ഥാനം സ്വാഗതം ചെയ്യുന്നതിനും വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ – അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിനായി നിക്ഷേപകരെ ആകർഷിക്കുന്നതിന് അനുകൂലമായ ഒരു വ്യവസായ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതികൾ/ ലൈസൻസുകൾ എന്നിവ അതിവേഗം, സുതാര്യമായി അനായാസം ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തി ഒരു ഏകീകൃത നിയമം "കേരള ഇൻവെസ്റ്റ്മെന്റ് പ്രോമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2018" സർക്കാർ പുറപ്പെടുവിച്ചു. വിവിധ വകുപ്പുകളിലെ നിലവിലുള്ള 10 ചട്ടങ്ങളും, ഭേദഗതി ചെയ്തിട്ടുണ്ട്. മാത്രമല്ല പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ അപേക്ഷാ ഫോറങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു ഏകജാലക ഓൺലൈൻ സമ്പ്രദായം (K-SWIFT) നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതികൾ ഓൺലൈനിൽ ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കെ. എസ്. ഐ.ഡി.സി മുഖാന്തരം വൻകിട സംരംഭകർക്ക് 3500 ലക്ഷം രൂപ വരെയുള്ള തുക, ലോണായി നൽകിവരുന്നു. കൂടാതെ ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇനത്തിൽ ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ കുറവ് നൽകുന്നുണ്ട്. |
| **ബി)** | അസെൻഡ് 2019 നിക്ഷേപക സംഗമം വഴി കേരളത്തെ മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; നിക്ഷേപം ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | **(ബി)** | സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക, വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ- അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുക പ്രവാസികൾ, സംരംഭകരാകാൻ താല്പര്യമുള്ള യുവാക്കൾ, വനിതകൾ, വിമുക്ത ഭടൻമാർ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഒരുക്കിയിരിക്കുന്ന വ്യവസായിക അനുബന്ധ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പ്രചാരം നൽകുക, സംസ്ഥാനം നൽകുന്ന വ്യവസായ ഭൂമി, സ്വകാര്യ വ്യവസായ പാർക്കുകൾ/ എസ്റ്റേറ്റുകൾ/ഏരിയകൾ, സേവനങ്ങൾ ചെറുതും വലുതുമായ ഒരു കൂട്ടം ഇൻഡസ്ട്രിയൽ പാർക്കുകൾ നിർമ്മിച്ച് വ്യവസായ മേഖലകൾ സൃഷ്ടിക്കുക തുടങ്ങിയ സംസ്ഥാന വ്യവസായ നയം സംരംഭകരുടെയും, നിക്ഷേപകരുടെയും, ഉദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തി കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റാനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യം "ASCEND -2019" ലൂടെ കഴിഞ്ഞു. കൂടാതെ, ഈ പരിപാടിയോടനുബന്ധിച്ച് നടന്ന പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, പ്രസൻറേഷനുകൾ, എന്നിവയിലൂടെ സർക്കാരിന്റെ നയവും, പരിപാടികളും, ലക്ഷ്യവും, ബിസിനസ്സ് നടത്തുന്നതിന് ഏർപ്പെടുത്തിയ നിയമ പരിഷ്കാര നടപടികളും ജന മദ്ധ്യത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞു. അതിലൂടെ ഒരു വ്യവസായിക കുതിപ്പിന് മുന്നേറുന്ന ഒരു നവകേരള ചിത്രം വരയ്ക്കുക വഴി സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ; | (സി) | കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക്ക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കൊറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ NICDIT-ന് സമർപ്പിക്കുകയും ചെയ്തു. ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ നിയമിക്കുകയും പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് NICDIT ന് സർക്കാർ സമർപ്പിച്ചിട്ടുള്ളതാണ്. NICDIT ന്റെ അടുത്തയോഗത്തിൽ ഈ പദ്ധതിയ്ക്ക് അനുകൂല തീരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കൊച്ചിയിൽ കിൻഫ്ര മുഖേന സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ? | (ഡി) | കൊച്ചിയിൽ ഫാക്ടിന്റെ അധീനതയിലുള്ള 481 ഏക്കർ സ്ഥലത്ത് പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 20.12.2017 ൽ സംസ്ഥാന സർക്കാരും ഫാക്ടും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വെയ്ക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചാലുടൻ ഈ പദ്ധതി ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**